**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3220** **01-03-2023 - ൽ മറുപടിയ്ക്ക്**

**നിർത്തലാക്കിയിട്ടുള്ള എം.ജി.എൽ.സി. കൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എത്ര മൾട്ടി-ഗ്രേഡ് ലേണിംഗ് സെന്ററുകൾ (എം.ജി.എൽ.സി.) നിർത്തലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ആകെ ഉണ്ടായിരുന്ന 270 എം.ജി.എൽ.സികളിൽ 266 എണ്ണവും അടച്ചുപൂട്ടുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ കോടതി സ്റ്റേ ഉത്തരവ് ഉള്ളതിനാൽ 7 എം.ജി.എൽ.സികൾ തുടർന്നും പ്രവർത്തിച്ചുവരുന്നു. ഇതോടൊപ്പം കാസർഗോഡ് ജില്ലയിലെ ആല്ലൂർ എം.ജി.എൽ.സി കൂടി താൽക്കാലികമായി പ്രവർത്തിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എം.ജി.എൽ.സി. കൾക്കായി ഒരുക്കിയിട്ടുള്ള കെട്ടിടങ്ങളും സ്ഥലവും എന്ത് ചെയ്യാനാണ് വകുപ്പ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ബി) | എം.ജി.എൽ.സി.കൾ പൂട്ടുമ്പോൾ പ്രസ്തുത കെട്ടിടങ്ങളും സ്ഥലവും പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ളതാണെങ്കിൽ എസ്.എസ്.കെ യുടെ പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾക്ക് നൽകുന്നതിനാണ് ആലോചിക്കുന്നത്. എന്നാൽ കെട്ടിടവും സ്ഥലവും പഞ്ചായത്തുകളുടെതാണെങ്കിൽ അവ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകുന്നതിനാണ് ഇപ്പോൾ നിർദ്ദേശം നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ